**വനിതാ ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ**
**(ഹാജർ : അനുപമ റ്റി വി IAS)**

വിഷയം: വനിത ശിശു വികസന വകുപ്പ് – വകുപ്പിൻ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാരുടെ പരിപാലനം - മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്ക് - കുടിശ്ശിക വേതനം അനുവദിച്ചുത്തരവാകുന്നു.

പരാമർശം:
1. ഈ കാര്യാലയത്തിലെ 26/08/2020 ലെ ഇതേ നമ്പർ പ്രൊപ്പോസൽ
2. G O (Rt) No.651/2020/SJD Dated, 19/11/2020.
3. ഈ കാര്യാലയത്തിലെ 25/11/2020 ലെ ഇതേ നമ്പർ ഉത്തരവ്
4. ഈ കാര്യാലയത്തിലെ 03/12/2020 ലെ ഇതേ നമ്പർ പ്രൊപ്പോസൽ
5. G O (Rt) No. 62/2021/SJD Dated, 23/01/2021.

**ഉത്തരവ് നമ്പർ WEC5– 31224/2019 തീയതി 28/01/2021.**

വനിത ശിശുവികസന വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന വനിത ശിശു ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാരുടെ പരിചരണത്തിനായി കേരള സാമൂഹ്യ സുരക്ഷ മിഷൻ മുഖേന നിയമിച്ചിരുന്ന മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്ക് 2020 ഏപ്രിൽ മുതൽ 2020 ജൂലൈ മാസം വരെ 4 മാസത്തേയ്ക്ക് നൽകാനുള്ള കുടിശ്ശിക വേതനമായ 29,62,972/-രൂപ വിനിയോഗിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം ടി തുക അനുവദിച്ചിട്ടുണ്ട്.

മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്ക് 2020 ആഗസ്റ്റ് മുതൽ 2020 നവംബർ മാസം വരെ നല്കാനുള്ള കുടിശ്ശിക വേതനം 30,06,340/-രൂപയും 2020 ഡിസംബർ മാസം മുതൽ 2021 മാർച്ച് മാസം വരെ വേതന ഇനത്തിൽ നല്കേണ്ടതായി വരുന്ന 30,06,340/-രൂപയും ഉൾപ്പെടെ 60,12,680/- രൂപ അനുവദിച്ച് നല്കുന്നതിനായി പരാമർശം (4) പ്രകാരം സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ നല്കിയിരുന്നു.

ആയതുപ്രകാരം മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്ക് 2020 ആഗസ്റ്റ് മുതൽ 2020 നവംബർ മാസം വരെ നല്കാനുള്ള കുടിശ്ശിക വേതനം 30,06,340/-രൂപ 2235-02-103-68(03)(P) ശീർഷകത്തിൽനിന്നും ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നല്കി പരാമർശം (5) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, വനിത ശിശു വികസന വകുപ്പിൻ കീഴിലുള്ള വനിത ശിശു ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാരുടെ പരിപാലനത്തിനായി നിയമിച്ചിട്ടുള്ള മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്ക് 2020 ആഗസ്റ്റ് മാസം മുതൽ 2020 നവംബർ മാസം വരെ കുടിശ്ശിക ഇനത്തിൽ നൽകാനുള്ള വേതനം 30,06,340/-രൂപ (മുപ്പതു ലക്ഷത്തി ആറായിരത്തി മുന്നൂറ്റി നാല്പത് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68(03)(P) ശീർഷകത്തിൽനിന്നും സ്ഥാപന സൂപ്രണ്ടുമാരുടെ പേരിൽ അന്യത്ര ചേർത്തിരിക്കും പ്രകാരം അനുവദിച്ചുത്തരവാകുന്നു.

സ്ഥാപന സൂപ്രണ്ടുമാർ മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാരുടെ പ്രവർത്തി ദിനങ്ങൾ പരിശോധിച്ച് അർഹമായ തുക അനുവദിക്കേണ്ടതാണ്.

ടി തുകയുടെ വിനിയോഗശേഷം ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ടുമാർ ധനവിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
വനിത ശിശുവികസന ഡയറക്ടർ

എല്ലാ വനിത ശിശുക്ഷേമ സ്ഥാപന സൂപ്രണ്ടുമാർക്കും

**പകർപ്പ്**

1. പ്രോജക്ട് കോ-ഓർഡിനേറ്റർ, ICPS
2. ബന്ധപ്പെട്ട ജില്ലാ വനിത ശിശു വകസന ഓഫീസർമാർക്ക്
3. സൂപ്രണ്ട് (എ) സെക്ഷൻ (അലോട്ട്മെന്റ്)
4. ഫയൽ/സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

Sende

**സൂപ്രണ്ട്**

| ക്രമ നം | ജില്ല & സ്ഥാപനം | 2020 August മുതൽ നിലനിർത്തിയ | നിലനിർത്തിയ MTCP മാർക്ക് |
|---|---|---|---|
| 1 | ഗവ.മഹിളാ മന്ദിരം, തിരുവനന്തപുരം | 2 | 144240 |
| 2 | ഗവ.മഹിളാ മന്ദിരം ,കൊല്ലം | 1 | 72120 |
| 3 | ഗവ.മഹിളാ മന്ദിരം, പത്തനംതിട്ട | 1 | 72120 |
| 4 | ഗവ.മഹിളാ മന്ദിരം ,ആലപ്പുഴ | 1 | 72120 |
| 5 | ഗവ.മഹിളാ മന്ദിരം കോട്ടയം | 1 | 72120 |
| 6 | ഗവ.മഹിളാ മന്ദിരം എറണാകുളം | 1 | 72120 |
| 7 | ഗവ.മഹിളാ മന്ദിരം തൃശ്ശൂർ | 1 | 72120 |
| 8 | ഗവ.മഹിളാ മന്ദിരം പാലക്കാട്. | 1 | 72120 |
| 9 | ഗവ.മഹിളാ മന്ദിരം മലപ്പുറം | 1 | 72120 |
| 10 | ഗവ.മഹിളാ മന്ദിരം, കോഴിക്കോട് | 1 | 72120 |
| 11 | ഗവ.മഹിളാ മന്ദിരം കണ്ണൂർ | 1 | 121540 |
| 12 | ഗവ.മഹിളാ മന്ദിരം ,കാസർഗോഡ് | 1 | 72120 |
| 13 | ആഫ്റ്റർ കെയർ ഹോം-കൊല്ലം | 4 | 288480 |
| 14 | ആഫ്റ്റർ കെയർ ഹോം- ,കോഴിക്കോട് | 2 | 144240 |
| 15 | ഷോർട്ട് സ്റ്റേ ഹോം,കോഴിക്കോട് | 1 | 72120 |
| 16 | റസ്ക്യൂ ഹോം, മലപ്പുറം | 1 | 72120 |
| 17 | ചിൽഡ്രൻസ് ഹോം,തിരുവനന്തപുരം | 2 | 144240 |
| 18 | ചിൽഡ്രൻസ് ഹോം,കൊല്ലം | 1 | 72120 |
| 19 | ചിൽഡ്രൻസ് ഹോം,പത്തനംതിട്ട | 1 | 72120 |
| 20 | ചിൽഡ്രൻസ് ഹോം, ആലപ്പുഴ(നൂറനാട്) | 1 | 72120 |
| 21 | ചിൽഡ്രൻസ് ഹോം,ആലപ്പുഴ(മായിത്തറ) | 1 | 72120 |

| | | | |
|---|---|---|---|
| 22 | ചിൽഡ്രൻസ് ഹോം,കോട്ടയം | 1 | 72120 |
| 23 | ചിൽഡ്രൻസ് ഹോം,എറണാകുളം (ഗേൾസ്) | 2 | 144240 |
| 24 | ചിൽഡ്രൻസ് ഹോം,തൃശ്ശൂർ(ഗേൾസ്) | 1 | 72120 |
| 25 | ചിൽഡ്രൻസ് ഹോം,പാലക്കാട് | 1 | 72120 |
| 26 | ചിൽഡ്രൻസ് ഹോം, മലപ്പുറം | 1 | 72120 |
| 27 | ചിൽഡ്രൻസ് ഹോം,കോഴിക്കോട് (ഗേൾസ്) | 2 | 144240 |
| 28 | ചിൽഡ്രൻസ് ഹോം,കോഴിക്കോട് ,(ബോയ്സ്സ്) | 1 | 72120 |
| 29 | ചിൽഡ്രൻസ് ഹോം,കണ്ണൂർ(ഗേൾസ്) | 1 | 72120 |
| 30 | ചിൽഡ്രൻസ് ഹോം,കണ്ണൂർ , (ബോയ്സ്സ്) | 1 | 72120 |
| 31 | ചിൽഡ്രൻസ് ഹോം,വയനാട് | 1 | 72120 |
| 32 | ചിൽഡ്രൻസ് ഹോം, കാസർഗോഡ് | 1 | 72120 |
| 33 | Place of safety,(ബോയ്സ്സ്)തൃശ്ശൂർ | 1 | 72120 |
| **ആകെ** | | **41** | **3006340** |

Sunda

വനിതാ ശിശു വികസന ഡയറക്ടർക്കുവേണ്ടി.